# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **04.02.2014 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 409**

### വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി.കെ. നാണു<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സ്കൂൾ തലത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. കുട്ടികളുടെ കുടുംബ സാഹചര്യം, വീട്ടിൽ നിന്നും സ്കൂളിലേക്ക് എത്തിച്ചേരാനുള്ള ദൂരം, പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങളിൽ മതിയായ യാത്രാ സൗകര്യങ്ങളുടെ അഭാവം, കുട്ടികളുടെ ആരോഗ്യ-മാനസിക പ്രശ്നങ്ങൾ മുതലായവ സ്കൂൾ തലത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിനു കാരണമായ വസ്തുതകളാണെന്ന് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) കുട്ടികൾ കൂടുതൽ കൊഴിഞ്ഞു പോകുന്ന ജില്ലകൾ ഏതൊക്കെയെന്ന് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) തിരുവനന്തപുരം, പാലക്കാട്, വയനാട് ജില്ലകളിലാണ് കൂടുതലായി കുട്ടികൾ കൊഴിഞ്ഞു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. വനമേഖലകളിലും പിന്നാക്ക മേഖലകളിലും മറ്റു വിദ്യാഭ്യാസ സൗകര്യങ്ങളുടെ അഭാവത്തിൽ ഏകാദ്ധ്യാപക വിദ്യാലയം നടത്തുന്നു. കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം നൽകുന്നതിനായി കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ ഇപ്രകാരമുള്ള കുറെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ എൽ.പി സ്കൂളുകളായി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാരി- |

| | | | |
|---|---|---|---|
| | | | ന്റെ പരിഗണനയിലുണ്ട്. ഗതാഗത ലഭ്യത ഇല്ലാത്ത സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗതാഗത സൗകര്യം ലഭ്യമാക്കുന്നുണ്ട്. ഭക്ഷണം /യൂണിഫോം / പാഠപുസ്തകം ഇവ സർക്കാർ സൗജന്യമായി നൽകുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക എന്ന ലക്ഷ്യത്തോടെ രക്ഷാ-കർത്താക്കൾക്കു ബോധവത്ക്കരണം നൽകുവാനായി പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. |
| (സി) | രാജ്യത്ത് ഏറ്റവും കുറഞ്ഞ കൊഴിഞ്ഞു പോക്ക് നിരക്കുള്ള സംസ്ഥാനത്ത് അത് പൂർണ്ണമായും തടയാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ? | (സി) | വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അർഹതയുള്ള പക്ഷം അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഉത്തരം (ബി) യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തുടർന്നും നടപ്പിലാക്കുന്നതോടൊപ്പം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുകയും ചെയ്താൽ കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാവുകയും കൊഴിഞ്ഞു പോക്കിനു പരിഹാരമാകുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ